**A** | **GI 705**

# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019-20

ക്ലാസ് : 7 | **സാമൂഹ്യശാസ്ത്രം** | സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ 10 പ്രവർത്തനങ്ങളിൽ കുട്ടി 8 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതിയാകും. 8ൽ അധികം പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയിട്ടുണ്ടെങ്കിൽ അവയിൽ മികച്ച സ്കോർ നേടിയ പ്രവർത്തനങ്ങളാണ് ഓവറോൾ ഗ്രേഡിനായി പരിഗണിക്കേണ്ടത്.
3. ഒരു പ്രവർത്തനത്തിന് 5 പോയിന്റ്, ആകെ 40 പോയിന്റ്. (5/4/3/2/1)
3. എല്ലാ ചോദ്യങ്ങൾക്കുമുള്ള സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് A/B/C/D/E ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ കൊടുക്കുന്നു.

---

**പ്രവർത്തനം - 1**

**പഠനനേട്ടം:** **കേരളത്തിൽ സാമൂഹിക പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്ക് വിശകലനം ചെയ്യുന്നു.**

എ). മേച്ചിൽപ്പുല്ല് സമരം — സ്കോർ 1

ബി) (i) ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പ്

(ii) ശ്രീനാരായണ ഗുരു

(iii) അയ്യങ്കാളി

(iv) അധഃസ്ഥിതവിഭാഗത്തിലെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നിഷേധിച്ചപ്പോൾ — സ്കോർ 4

**പ്രവർത്തനം - 2**

**പഠനനേട്ടം:** **കേരളത്തിൽ സാമൂഹിക പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്ക് വിശകലനം ചെയ്യുന്നു.**

എ). വക്കം അബ്ദുൾ ഖാദർ മൗലവി — സ്കോർ 1

ബി). വി.ടി. ഭട്ടതിരിപ്പാട്, എം.ആർ ഭട്ടതിരിപ്പാട് എന്നിവർ നടത്തിയ പ്രവർത്തനങ്ങൾ ഇവരുടെ രണ്ടു നാടകങ്ങൾ സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ.

ആര്യാ പള്ളം, ദേവകി നരിക്കാട്ടിരി, പാർവ്വതി നെൻമേനി മംഗലം തുടങ്ങിയവർ നടത്തിയ പ്രവർത്തനങ്ങൾ കുറിപ്പിൽ ഉണ്ടാകണം. — സ്കോർ 4

**പ്രവർത്തനം - 3**

**പഠനനേട്ടം:** **1919 മുതൽ 1947 വരെയുള്ള സ്വാതന്ത്ര്യ സമരകാലം ഗാന്ധിയൻ കാലഘട്ടമാണെന്ന് വിലയിരുത്തുന്നു**

എ). ഗാന്ധിയൻ കാലഘട്ടം. — സ്കോർ 1

ബി) 1919 ജാലിയൻ വാലാബാഗ് കൂട്ടക്കൊല. — സ്കോർ 1

1947 ഇന്ത്യ സ്വാതന്ത്ര്യം നേടി. — സ്കോർ 1

സി) 1917 ലാണ് ചമ്പാരൻ സത്യഗ്രഹം.

ബീഹാറിലെ ചമ്പാരനിൽ നീലം കർഷകരെ തോട്ടം തൊഴിലാളികളായ വെള്ളക്കാർ ചൂഷണം ചെയ്തതിനെതിരെ നടന്ന സമരം. സമരത്തിന്റെ ഫലമായി ആശ്വാസകരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. — സ്കോർ 2

പ്രവർത്തനം - 4

**പഠനനേട്ടം: ശിലാമണ്ഡലം , വായുമണ്ഡലം, ജലമണ്ഡലം എന്നീ മൂന്ന് മണ്ഡലങ്ങളെയും ആശ്രയിച്ചാണ് ജൈവമണ്ഡലത്തിന്റെ നിലനിൽപ്പ് എന്നു മനസ്സിലാക്കുന്നു.**

എ). എവറസ്റ്റ് കൊടുമുടി, ചാലഞ്ചർ ഗർത്തം സ്കോർ 2

ബി). (i) താരതമ്യേന താഴ്ന്നതും നിരപ്പായതുമായ വിശാലപ്രദേശങ്ങൾ
(ii) പർവതങ്ങൾ
(iii) മുകൾഭാഗം ഏറെക്കുറെ പരന്നതും ചുറ്റുപാടുകളെ അപേക്ഷിച്ച് ഉയർന്നുനിൽക്കുന്നതുമായ ഭൂരൂപങ്ങൾ സ്കോർ 3

പ്രവർത്തനം - 5

**പഠനനേട്ടം:പ്രകൃതിയുടെ ലോല സന്തുലനമാണ് മനുഷ്യന്റെ നിലനിൽപ്പിന് ആധാരമെന്ന് തിരിച്ചറിയുന്നു.**

എ).* പ്രാണവായു ലഭിക്കുന്നു * സസ്യങ്ങൾക്ക് ആവശ്യമായ കാർബൺഡൈ ഓക്സൈഡ് ലഭിക്കുന്നു. സ്കോർ 2
* ഹാനികരമായി അൾട്രാവയലറ്റ് , ഗാമാകിരണങ്ങളെ തടഞ്ഞുനിർത്തി ജീവജാലങ്ങളെ സംരക്ഷിക്കുന്നു.

ബി). വാഹനങ്ങൾ പുറത്തുവിടുന്ന പുക., വ്യവസായശാലകൾ പുറത്തുവിടുന്ന മാരകമായ രാസവസ്തുക്കളും വാതകങ്ങളും ശീതീകരണികളിൽ ഉപയോഗിക്കുന്ന വാതകങ്ങൾ. സ്കോർ 3

പ്രവർത്തനം - 6

**പഠനനേട്ടം: പ്രകൃതിയുടെ ലോല സന്തുലനമാണ് മനുഷ്യന്റെ നിലനിൽപ്പിന് ആധാരമെന്ന് തിരിച്ചറിയുന്നു.**

എ). * നെൽകൃഷി ചെയ്യുന്ന വയൽക്കരയിലുള്ള പ്രദേശങ്ങളിലെ കിണറുകൾ പെട്ടെന്ന് വറ്റിപ്പോകാറില്ല.
* ജലത്തെപ്പിടിച്ചു നിർത്താനുള്ള വയലുകൾക്കുള്ള കഴിവ് നിലനിൽക്കും * വയലിന്റെ സ്വാഭാവികത നിലനിൽക്കും. സ്കോർ 2

ബി). * മണ്ണിട്ടു നികത്തി കെട്ടിടങ്ങൾ നിർമിക്കുന്നു. * വയലുകളിലെ മണ്ണ് (വയൽമണ്ണ്/ചളി) മറ്റാവശ്യങ്ങൾക്കുവേണ്ടി ഖനനം ചെയ്തെടുക്കുമ്പോൾ വയലുകളുടെ സ്വാഭാവികത നശിക്കുന്നു.
* നെൽകൃഷിക്കു പകരം തെങ്ങ്, കമുക്, റബ്ബർ മുതലായ കൃഷികൾക്കായി ഉപയോഗിക്കുമ്പോഴും മണ്ണിന്റെ സ്വാഭാവികത നശിക്കുന്നു. സ്കോർ 3

പ്രവർത്തനം : 7

**പഠനനേട്ടം: 1. ദാരിദ്ര്യനിർമാർജ്ജനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളും പരിപാടികളും അവയുടെ സവിശേഷതകളും തിരിച്ചറിയുന്നു.**
**2. പൊതുവിതരണ സമ്പ്രദായത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.**

എ). അന്നപൂർണ്ണ

സ്കോർ 1

ബി)* ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ശക്തമായ പൊതുവിതരണ സമ്പ്രദായം കേരളത്തിനുണ്ട്
* പൊതുവിതരണ കേന്ദ്രങ്ങളിലൂടെ അരിയും ഭക്ഷ്യവസ്തുക്കളും മറ്റു നിത്യോപയോഗ സാധനങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നു. പൊതുവിതരണകേന്ദ്രങ്ങളായ റേഷൻകടകൾ വഴി നിത്യോപയോഗ സാധനങ്ങൾ കൂടി ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു. പച്ചക്കറികൾ 'ഹോർട്ടികോർപ്പ്' വഴി ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു. സ്കോർ 4

പ്രവർത്തനം : - 8

**പഠനനേട്ടം : ഭൂപടങ്ങളുടെ പ്രധാനഘടകങ്ങളെക്കുറിച്ച് ധാരണ നേടുന്നു.**

എ). സമുദ്രങ്ങൾ സ്കോർ 1

ബി). (i) ഭൂമധ്യരേഖ (ii)രേഖാംശരേഖകൾ (iii) ദക്ഷിണധ്രുവം (iv) പൂജ്യം ഡിഗ്രിയിലൂടെ സ്കോർ 4

പ്രവർത്തനം : - 9

**പഠനനേട്ടം: സ്കെച്ച്, പ്ലാൻ, ഭൂപടം എന്നിവ വേർതിരിച്ചറിയാൻ കഴിയുന്നു.**

എ. (i) പ്ലാൻ , (ii)) രേഖാചിത്രം സ്കോർ 2

ബി) ദിക്കുകൾ, അളവുകൾ എന്നിവ അറിയണം. സ്കോർ 2

സി) ഭൂപടം സ്കോർ 1

പ്രവർത്തനം 10

**പഠനനേട്ടം: 1919 മുതൽ 1947 വരെയുള്ള സ്വാതന്ത്ര്യസമരകാലഘട്ടമാണെന്ന് വിലയിരുത്തുന്നു.**

സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് നടന്ന സംഭവങ്ങൾ ഏതേതു സംസ്ഥാനങ്ങളിലാണ് നടന്നതെന്നു കണ്ടെത്തി ഷെയ്ഡ് ചെയ്തിട്ടുണ്ട്. (ഓരോന്നിനും 1 സ്കോർ വീതം) സ്കോർ 5